പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 3882 | 31.01.2014 ലെ മറുപടിയ്ക്ക്

**സർക്കാർ ജീവനക്കാരുടെ ഇൻകം ടാക്സ് തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. കെ.എം. മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പു മന്ത്രി |

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരിൽ നിന്നും ഇൻകം ടാക്സ് ഇനത്തിൽ ശമ്പള ബില്ലിൽ നിന്നും കുറവു ചെയ്യുന്ന തുക യഥാസമയം ഡിപ്പാർട്ടുമെന്റിന് കൈമാറുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | : | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന് പ്രസ്തുത തുക കൈമാറുന്നതിന് എന്തെല്ലാം മാനദണ്ഡമാണ് പാലിക്കേണ്ടത് ; ഇതിന് ഏത് ഉദ്യോഗസ്ഥനെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത് ; | : | ഓരോ മാസവും 8658-00-112 (ഇൻകം ടാക്സ്) ശീർഷകത്തിൽ വരവ് വയ്ക്കുന്ന തുക അതാത് ജില്ലാ ട്രഷറി ആഫീസർമാർ മാസാന്ത്യ കണക്കുകളോടൊപ്പം തൊട്ടടുത്ത മാസം 8-ാം തീയതിയ്ക്കകം അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കുകയും അക്കൗണ്ടന്റ് ജനറൽ ബുക്ക് അഡ്ജസ്റ്റുമെന്റായി ടി തുക ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തുക കൈമാറുന്നതിന് ഏതെങ്കിലും സ്വകാര്യ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | : | ഇല്ല. |
| (ഡി) | ഇത്തരത്തിൽ ജീവനക്കാരന്റേതല്ലാത്ത കാരണത്താൽ തുക പ്രസ്തുത വകുപ്പിന് കൈമാറുമ്പോൾ ഈടാക്കുന്ന അധിക തുക ജീവനക്കാരിൽ നിന്നു തന്നെ അടയ്ക്കണമെന്ന നിബന്ധന നിലവിലുണ്ടോ; വ്യക്തമാക്കാമോ; | : | ഈടാക്കുന്നില്ല |
| (ഇ) | എങ്കിൽ ഇത് ഒഴിവാക്കുന്നതിനും കുറവു ചെയ്യുന്ന തുക യഥാസമയം ബന്ധപ്പെട്ട വകുപ്പിന് കൈമാറുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | : | ബാധകമല്ല. |

സെക്ഷൻ ഓഫീസർ